**രജിസ്ട്രേഷൻ വകുപ്പ്**

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസ്,
വഞ്ചിയൂർ, തിരുവനന്തപുരം 695035
ഫോൺ 0471-2703456
ഇ-മെയിൽ regig.ker@nic.in
https://registration.kerala.gov.in

**കേരള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ നടപടിക്രമം**

**(ഹാജർ : ശ്രീധന്യ സുരേഷ് ഐ.എ.എസ്.)**

---

ഉത്തരവ് നമ്പർ : IGR/3724/2025-E6 തീയതി, തിരുവനന്തപുരം, 08-08-2025

---

വിഷയം :- രജിസ്ട്രേഷൻ വകുപ്പ് - ജീവനക്കാര്യം - രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചാർജ്ജ് പരിഷ്കരിച്ച് ഉത്തരവാകുന്നു.

പരാമർശം :- അസിസ്റ്റന്റ് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ (ചിട്ടി/മോഡണൈസേഷൻ) അഖില സി ഉദയൻ, KAS ന്റെ 20.06.2025 തീയതിയിലെ അപേക്ഷ.

ആസ്ഥാന ഓഫീസിലെ ഓരോ സെക്ഷനിലും വിവരാവകാശ നിയമം 2005 പ്രകാരം ലഭ്യമാകുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചാർജ്ജ് ചുവടെ ചേർക്കും പ്രകാരം നൽകി ഉത്തരവാകുന്നു :-

| **സെക്ഷൻ** | **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല** | **അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ** |
|---|---|---|
| എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | സീനിയർ സൂപ്രണ്ട്,എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ |

| | | |
|---|---|---|
| ഫിനാൻസ് | ഫിനാൻസ് ഓഫീസർ | സീനിയർ സൂപ്രണ്ട്ഫിനാൻസ് സെക്ഷൻ |
| ചിട്ടി | അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ | ജൂനിയർ സൂപ്രണ്ട് ചിട്ടിസെക്ഷൻ |
| ഐ റ്റി | അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ | ഐ റ്റി സീനിയർ സൂപ്രണ്ട് |
| എ ആർ എ | അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ | സീനിയർ സൂപ്രണ്ട്എ ആർ എസെക്ഷൻ |
| ലൈസൻസ് | രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ലൈസൻസിംഗ്) | ജൂനിയർ സൂപ്രണ്ട് ലൈസൻസ് സെക്ഷൻ |
| ആർ ആർ | അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ | സീനിയർ സൂപ്രണ്ട്ആർ ആർസെക്ഷൻ |
| ജി ആർ സി | അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ | സീനിയർ സൂപ്രണ്ട്ജി ആർ സിസെക്ഷൻ |
| റോം | അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ | ജൂനിയർ സൂപ്രണ്ട് റോം സെക്ഷൻ |
| പെൻഷൻ | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | സീനിയർ സൂപ്രണ്ട്പെൻഷൻസെക്ഷൻ |
| ഐ എ ഡബ്ള്യൂ | അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ | സീനിയർ സൂപ്രണ്ട്ഐ എ ഡബ്ള്യൂ സെക്ഷൻ |
| ഫേംസ് | രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ലൈസൻസിംഗ്) | ഹെഡ് ക്ലർക്ക്ഫേംസ്സെക്ഷൻ |

RTI പോർട്ടൽ മുഖാന്തിരം ലഭ്യമാകുന്ന അപേക്ഷകൾ ഈ ഓഫീസിലെ RTI portal നോഡൽ ഓഫീസറായ ലൈസൻസ് സെക്ഷൻ ജൂനിയർ സൂപ്രണ്ട് കൈകാര്യം ചെയ്യേണ്ടതാണ്. RTI പോർട്ടൽ മുഖാന്തിരം ഓൺലൈനായി ലഭ്യമാകുന്ന അപേക്ഷകൾ ബന്ധപ്പെട്ട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് മറുപടി നൽകുന്നതിലേക്കായി ഇ-ഓഫീസ് മുഖേന നൽകേണ്ടതും, ആയതിനു മറുപടി ലഭ്യമാക്കി RTI നോഡൽ ഓഫീസർ RTI പോർട്ടലിൽ upload ചെയ്യേണ്ടതുമാണ്.

RTI Annual Report അതാത് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ തയ്യാറാക്കി ക്രോഡീകരിക്കുന്നതിലേക്കായി RTI സെക്ഷന് കൈമാറേണ്ടതാണ്. RTI ഫീസ് ഈടാക്കുന്നതിനും ഒടുക്കുന്നതിനുമുള്ള നടപടികൾ നിലവിലുള്ളതുപോലെ തുടരേണ്ടതാണ്. എല്ലാ സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസറുടെ കീഴിലും വിവരാവകാശ നിയമ പ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. സ്റ്റേറ്റ് പബ്ലിക് ഇൻഫോർമേഷൻ തസ്തികയിൽ ജീവനക്കാരനെ നിയമിക്കാതെ ഒഴിവ് വരുന്ന അവസരങ്ങളിൽ അതത് APIOമാർ SPIOയുടെ ചാർജ് വഹിക്കേണ്ടതാണ്.

ഫെയർകോപ്പി സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകൾ ഫെയർകോപ്പി സൂപ്രണ്ട് ബന്ധപ്പെട്ട സെക്ഷൻ മേധാവികൾക്ക് (സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക്) നൽകേണ്ടതാണ്. അപ്പലേറ്റ് അതോറിറ്റിയായി JIG തുടരുന്നതാണ്. ഇന്നേ ദിവസം മുതൽ ലഭിക്കുന്ന വിവരാവകാശ അപേക്ഷകൾക്ക് ഈ ഉത്തരവിലെ നിർദ്ദേശം ബാധകമാണ്.

Signed by
Sreedhanya Suresh
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ
Date: 08-08-2025 15:07:33

പകർപ്പ്

1.എല്ലാ ബ്രാഞ്ച് ഓഫീസർമാർക്കും

2.രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ

3.എല്ലാ സെക്ഷൻ മേധാവികൾക്കും

4.ഫെയർകോപ്പി സൂപ്രണ്ട്, ഫെയർകോപ്പി സെക്ഷൻ